**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ - ആശ്രയ പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും, അർഹതപ്പെട്ട കൂടുതൽ വിഭാഗങ്ങളെ അതിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്)നം. 170/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 16/06/2012.

---

പരാമർശം: - (1) 14/05/2007 ലെ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 128/2007/തസ്വഭവ നമ്പർ ഉത്തരവ്

(2) 01/08/2009 ലെ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 151/2009/തസ്വഭവ നമ്പർ ഉത്തരവ്.

(3) 16/01/2010 ലെ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 12/2010/തസ്വഭവ നമ്പർ ഉത്തരവ്.

(4) 19/10/2011 ലെ സ.ഉ (കൈയ്യെഴുത്ത്) 259/2011/തസ്വഭവ നമ്പർ ഉത്തരവ്

(5) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03/05/2012 ലെ കെ. എസ്സ്. എൽ. 2261-2012 -ാം നമ്പർ കുറിപ്പ്

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും, പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ആശ്രയ പദ്ധതിയ്ക്ക് മേൽ പരാമർശം ഒന്ന്, രണ്ട്, മൂന്ന് സർക്കാർ ഉത്തരവുകൾ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിലുള്ള ആശ്രയ പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും, അർഹതപ്പെട്ട കൂടുതൽ വിഭാഗങ്ങളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുവാനും സർക്കാർ തീരുമാനിച്ചു.

2) നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു. മുകളിൽ ഒന്ന് മുതൽ നാല് വരെയുള്ള സർക്കാർ ഉത്തരവുകളുടെ തുടർച്ചയായി, ടി ഉത്തരവുകളിലെ മാർഗ്ഗരേഖകൾക്ക് അധിഷ്ഠിതമായി കൂടുതൽ വിഭാഗങ്ങളെ ആശ്രയ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിനും, പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും നിലവിൽ ആശ്രയ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും, പുതുതായി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവർക്കും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ബാധകമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

## I. പദ്ധതി വിപുലീകരണം:

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആശ്രയ പദ്ധതി നടപ്പാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള ഫണ്ടിൽ അടിസ്ഥാന സൗകര്യ വികസനം (സ്ഥലം, വീട്, വീട് പുനരുദ്ധാരണം, കക്കൂസ് തുടങ്ങിയവ) ഒഴികെയുള്ള ഘടകങ്ങൾക്കു വേണ്ടി അനുവദിച്ച തുകയുടെ 50% ഉപയോഗിച്ചു കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ടാംഘട്ട പ്രോജക്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നു.

2. ആശ്രയ പ്രോജക്ടിലെ ആരോഗ്യപരിരക്ഷാ ഘടകം നടപ്പാക്കുന്നതിന് അലോപ്പതി, ആയൂർവേദം, ഹോമിയോ തുടങ്ങിയ ചികിത്സാരീതികൾ ആശ്രയ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാവുന്നതാണ്. ആശ്രയ ഗുണഭോക്താവ് താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആരോഗ്യപരിരക്ഷ ഘടകത്തിന്റെ ഇംപ്ലിമെന്റിംഗ് ഓഫീസർ അലോപ്പതി, ആയൂർവേദം, ഹോമിയോ ഇതിൽ ഏത് വിഭാഗത്തിൽപ്പെട്ട ഡോക്ടറായാലും ഇതര ചികിത്സാരീതി ആവശ്യമുള്ള രോഗികൾക്കാവശ്യമായ മരുന്നും, മറ്റ് ചികിത്സാ ഉപകരണങ്ങളും വാങ്ങുന്നതിന് ആവശ്യമായ തുക പ്രസ്തുത ഡോക്ടറുടെ നിർദ്ദേശാനുസരണം ലഭ്യമാക്കേണ്ടതാണ്. (ആരോഗ്യവകുപ്പിൽ നിന്നും ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്).

3. പ്രാഥമിക/കമ്മ്യൂണിറ്റി ആരോഗ്യകേന്ദ്രങ്ങളിൽ എത്തി മരുന്നു വാങ്ങുന്നതിന് നിവൃത്തിയില്ലാത്ത അവശരായ രോഗികൾക്ക് പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിലെ ഫീൽഡ് വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് മരുന്ന് വീട്ടിൽ ലഭ്യമാക്കേണ്ടതാണ്.

4. ദീർഘകാല രോഗങ്ങൾ ബാധിച്ചവർക്കും ആശുപത്രിയിലോ വീട്ടിലോ കിടത്തി ചികിത്സ ആവശ്യമുള്ളവർക്കും പരിചരണ സാമഗ്രികളായ കട്ടിൽ, വാട്ടർബെഡ്, വീൽചെയർ, ട്രിപ്സ്റ്റാന്റ്, കമ്മോഡ്, കത്തീറ്റർ, ഡ്രസിംഗ് ഉപകരണങ്ങൾ തുടങ്ങിയവ മരുന്നിനു പുറമേ ലഭ്യമാക്കേണ്ടതാണ്.

5. ആശ്രയ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം റേഷൻ ലഭ്യമാക്കേണ്ടതാണ്

6. പോഷകാഹാര കിറ്റിനായി വകയിരുത്തിയിട്ടുള്ള തുക ഒരംഗത്തിന് 200 രൂപയായും രണ്ട് അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 300 രൂപയായും മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട കുടുംബത്തിന് 400 രൂപയായും വർദ്ധിപ്പിച്ച് നൽകേണ്ടതാണ്

7. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുമ്പോൾ സബ്സിഡിക്കു പുറമേ ബാങ്ക് വായ്പയ്ക്ക് തുല്യമായ തുക പ്രത്യേക അപേക്ഷ പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും അനുവദിക്കാവുന്നതാണ്.

8. ആശ്രയ പദ്ധതി നടപ്പാക്കുന്നതിനു അനുവദിക്കുന്ന തുക തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥന് മുൻകൂറായി തുക അനുവദിക്കാവുന്നതുമാണ്. മുൻകൂറായി അനുവദിക്കുന്ന ചെലവുകളുടെ കണക്ക് അതത് വർഷം തന്നെ ആഡിറ്റ് നടത്തുന്നുണ്ടോയെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും പരിശോധിക്കുകയും ടി തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

9. പദ്ധതി നടപ്പിലാക്കാൻ മുൻകൂറായി പണം നൽകണമെന്ന ആവശ്യം പരിഗണിക്കുമ്പോൾ ഇപ്രകാരം മുൻകൂറായി അനുവദിക്കുന്ന തുകകൾ ബാങ്കിൽ നിക്ഷേപിക്കുന്നതിനു പകരം ട്രഷറി സേവിംഗ്സ് ബാങ്ക് (TSB) അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്, വികസന ഫണ്ട്, കുടുംബശ്രീയിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ എന്നിവ പരമാവധി വിനിയോഗിച്ചുകൊണ്ട് നിർദ്ദിഷ്ട പരിപാടി നടപ്പിലാക്കണം.

10. പതിനഞ്ച് ലക്ഷം രൂപയാണ് ചലഞ്ച് ഫണ്ടായി ആശ്രയ പദ്ധതിക്ക് പരമാവധി ലഭ്യമാക്കുന്നത്. എന്നാൽ ഒന്നാം ഘട്ട പ്രോജക്ടിൽ തന്നെ ചലഞ്ച് ഫണ്ടായി 15.00 ലക്ഷം രൂപയും അനുവദിക്കപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾ രണ്ടാം ഘട്ട പ്രോജക്ട് സമർപ്പിക്കുമ്പോൾ അവർക്ക് ചലഞ്ച് ഫണ്ട് അനുവദിക്കാൻ കഴിയാതെ വരുന്നു. ഈ സാഹചര്യത്തിൽ ആശ്രയ പദ്ധതി നടപ്പാക്കുന്നതിന് ചലഞ്ച് ഫണ്ടായി കുടുംബശ്രീയിൽ നിന്നും അനുവദിക്കുന്ന തുക പ്രോജക്ട് തുകയുടെ 40% എന്ന പരിധിക്ക് വിധേയമായി 15.00 ലക്ഷം രൂപയിൽ നിന്നും 25.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു.

11. ആശ്രയ പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ വാർഡ് അടിസ്ഥാനത്തിൽ മത്സരബുദ്ധിയോടെ എണ്ണം കൂട്ടിക്കാണിക്കുന്നതിനുള്ള പ്രവണതയുണ്ട് എന്നതിനാൽ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കർശനമായും ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെ ആയിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.

12. നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ആശ്രയ പദ്ധതിയിൽ ചേരുവാൻ അർഹതയുള്ളവരുടെ അർഹത തിട്ടപ്പെടുത്തി പദ്ധതിയിൽ ചേരാൻ അനുവദിക്കാവുന്നതാണ്.

## II നിലവിലുള്ള ഗുണഭോക്താക്കൾക്ക് തുടർസേവനം: -

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തുടർസഹായം ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി അതിജീവനാവശ്യങ്ങൾക്കും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നു.
2. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായി എങ്കിൽപ്പോലും ഗുണഭോക്താവിന്റെ ശാരീരിക അവശത കണക്കിലെടുത്ത് തുടർസഹായം ആവശ്യമുള്ളവർക്ക് സഹായം ലഭ്യമാക്കേണ്ടതാണ്.
3. തദ്ദേശഭരണ സ്ഥാപന അധ്യക്ഷ(ൻ)/പ്രതിനിധി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വാർഡ് മെമ്പർ, തദ്ദേശഭരണ സ്ഥാപനം ഉൾപ്പെടുന്ന പ്രദേശത്തെ മെഡിക്കൽ ഓഫീസർ, കുടുംബശ്രീ സി. ഡി. എസ് പ്രതിനിധി തുടങ്ങിയവർ ഉൾപ്പെടുന്ന കമ്മിറ്റി തുടർസഹായം ആവശ്യമുള്ളവരെ നിലവിലുള്ള ആശ്രയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.
4. തുടർ സഹായം ആവശ്യമുള്ള ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള പ്രോജക്ട് തയ്യാറാക്കുമ്പോൾ മൂന്നു വർഷ കാലയളവിലേയ്ക്കുള്ള പ്രോജക്ടാണ് തയ്യാറാക്കേണ്ടത്. തുടർ സഹായത്തിനുള്ള പ്രോജക്ടിന്റെ 40% എന്ന പരിധിക്ക് വിധേയമായി പരമാവധി 5 ലക്ഷം രൂപവരെ ചലഞ്ച് ഫണ്ടായി അനുവദിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും (                                    )
എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറി
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).
ധനകാര്യവകുപ്പ്
പൊതുഭരണ (എസ്സ്.സി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സഞ്ചിത ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ്: 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ബഹു. പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്